# 13

# ക്രിസ്തുവിന്റെ ദാസന്മാർ

"... എന്നാൽ ഇപ്പോൾ പാപത്തിൽനിന്നു സ്വാതന്ത്ര്യം പ്രാപിച്ചു ദൈവത്തിന്നു ദാസന്മാർ ആയിരിക്കയാൽ നിങ്ങൾക്കു ലഭിക്കുന്ന ഫലം വിശുദ്ധീകരണവും അതിന്റെ അന്തം നിത്യജീവനും ആകുന്നു" (റോമർ 6:22).

കുറെ വർഷങ്ങൾക്കുമുൻപു കാലിഫോർണിയയിലെ മോഡെസ്റ്റോയിൽ, ഒരു സുവിശേഷ പ്രസംഗ പരമ്പര അവതരിപ്പിക്കുവാനായി പോയി. എന്റെ കുടുംബം എന്നോടൊപ്പം ഉണ്ടായിരുന്നു, രണ്ടുദിവസത്തെ മീറ്റിങ്ങിനു ഞങ്ങളെ ഒരു ക്രിസ്തീയ ഭവനത്തിലാണ് താമസിപ്പിച്ചത്. അവർ എന്നെയും സൂസനെയും വലിയ വിശാലമായ ഒരു മുറിയിലാണ് ആക്കിയത്. രണ്ടാം ദിവസം ഞങ്ങൾക്ക് വളരെ തിരക്കായിരുന്നു, ശുശ്രൂഷയ്ക്കുശേഷമല്ലാതെ, രാത്രി പത്തുമണിയായി എനിക്കു ദിവസേനയുള്ള വ്യായാമം ചെയ്യുവാൻ പറ്റിയില്ല. ലിവിങ് റൂമിലെയൊഴിച്ചു എല്ലാ ലൈറ്റുകളും അണച്ചു. ഞങ്ങളുടെ ആതിഥേയർ മുൻവാതിൽ തുറന്നിട്ടു കൊണ്ടുപോയി, അതു ഞങ്ങൾക്കു ബെഡ്റൂമിലേക്കു പോകുന്നതിനായിട്ടാണ്. ഞാൻ കടന്നുപോകുമ്പോൾ, ലിവിങ് റൂം ബെഡ്റൂമാക്കിയിരുന്നതു ഞാൻ ശ്രദ്ധിച്ചിരുന്നില്ല. സോഫ ബെഡ് ആക്കി ഞങ്ങളെ ബെഡ്റൂമിലാക്കിയ ദമ്പതികൾ അതിന്മേലായിരുന്നു കിടന്നത്. ആ ക്രിസ്തീയ ദമ്പതികൾ വാസ്തവത്തിലുള്ള ശുശ്രൂഷകരായിരുന്നു എന്നതു എന്നെ അമ്പരപ്പിച്ചു. അവരുടെ ഏറ്റവും നല്ല ബെഡ്റൂം ഞങ്ങൾക്കു നല്കിയിട്ടു അവർ താല്ക്കാലികമായി ലിവിങ്റൂം ബെഡ്റൂമാക്കി ഉപയോഗിച്ചു! ക്രിസ്തീയ പരിഗണനയിൽ, അവർ ഞങ്ങളെ ഇഥംപ്രഥമമായും അവരെ അന്തിമമായും കണക്കാക്കി!

ആ ദമ്പതിമാർ, പുതിയ നിയമമനുസരിച്ചു, ഒരു മിനി സഭയായിരുന്നു. രാജാക്കന്മാരും രാജ്ഞികളുമല്ല സഭയാകുന്നതു;

ദാസന്മാരാണ്! സഭയുടെ തലയായ, നമ്മുടെ രക്ഷകൻ പറഞ്ഞു, "... നിങ്ങളിൽ ഒന്നാമൻ ആകുവാൻ ഇഛിക്കുന്നവൻ എല്ലാം നിങ്ങളുടെ ദാസൻ ആകേണം; മനുഷ്യപുത്രൻ ശുശ്രൂഷ ചെയ്യിപ്പാനല്ല, ശുശ്രൂഷിപ്പാനും അനേകർക്കുവേണ്ടി തന്റെ ജീവനെ മറുവിലയായി കൊടുപ്പാനും വന്നതുപോലെതന്നേ എന്നു പറഞ്ഞു" (മത്തായി 20:27, 28). പൗലൊസ് ക്രിസ്തുവിനെ അനുഗമിക്കുന്നവരെ കുറിച്ചു ഇങ്ങനെ എഴുതിയതിൽ അതിശയിക്കുവാനില്ല, "ശാഠ്യത്താലോ ദുരഭിമാന ത്താലോ ഒന്നും ചെയ്യാതെ താഴ്മയോടെ ഓരോരുത്തൻ മറ്റുള്ളവനെ തന്നേക്കാൾ ശ്രേഷ്ഠൻ എന്നു എണ്ണിക്കൊൾവിൻ; ഓരോരുത്തൻ സ്വന്തഗുണമല്ല, മറ്റുള്ളവന്റെ ഗുണം കൂടെ നോക്കേണം" (ഫിലിപ്പിയർ 2:3, 4). പത്രൊസും ക്രിസ്തുവിന്റെ സഭയെ പ്രബോധിപ്പിച്ചിരിക്കുന്നു, "സ്വതന്ത്രരായും സ്വാതന്ത്ര്യം ദുഷ്ടതക്കു മറയാക്കാതെ ദൈവത്തിന്റെ ദാസന്മാരായും നടപ്പിൻ" (1 പത്രൊസ് 2:16).

സഭയെ നാം ക്രിസ്തുവിന്റെ ദാസന്മാരാകുന്ന ശരീരമായി കാണുന്നില്ലെങ്കിൽ, നാം ക്രിസ്തുവിന്റെ സഭയുടെ ആധികാരസ്വഭാവം കാണാതെ പോകുകയാണ്. സഭയുടെ ജീവിതത്തിലും ദാസ്യസ്വഭാവത്തിലും ആ അർത്ഥം കാണാം. സഭയുടെ നിർമ്മാതാവും തലയുമായ ക്രിസ്തുവിൽ നിന്നു ആ ചിന്ത ആരംഭിക്കുകയും ഓരോ അംഗവും മുഖാന്തരം ആ നിലവാരം പ്രായോഗികമാക്കയും ചെയ്യുന്നു. ഏതെങ്കിലും സഭ ക്രിസ്തുവിന്റേത് എന്നു അവകാശപ്പെടുകയും ലോകത്തിൽ അതിനു വ്യക്തമായ ദാസ്യജീവിതം ഇല്ലാതെ വരികയും ചെയ്താൽ ആ അവകാശം വ്യർത്ഥമാണ്.

സഭയുടെ ഈ സ്വഭാവത്തിന്റെ ഉയർന്ന പ്രാധാന്യം, ക്രിസ്തുവിന്റെ സഭയായ നാം, ക്രിസ്തുവിന്റെ ദാസന്മാരായി, എങ്ങനെ ഇരിക്കുന്നു എന്നതു ശ്രദ്ധയോടെ പരിഗണിക്കത്തക്കതാകുന്നു.

### പദവിയിൽ

ഒന്നാമതു, നാം നമ്മുടെ പദവി - യിൽ നമ്മുടെ ദാസ്യ പങ്ക് കാണുന്നു. സഭയുടെ ഉപയോഗിച്ചിരിക്കുന്ന വിവരണങ്ങൾ പുതിയ നിയമത്തിൽ വ്യക്തമാക്കുന്നതു സൂചിപ്പിച്ചിരിക്കുന്നതു സഭയെ ക്രിസ്തുവിന്റെ ദാസന്മാരായി രൂപപ്പെടുത്തിയിരിക്കുന്നു എന്നാണ്. ക്രിസ്തു തന്റെ ആളുകളെ ശുശ്രൂഷകന്മാരാകുവാൻ ഉദ്ദേശിച്ചിരിക്കുന്നു. അല്ലെങ്കിൽ സഭയെ അവൻ അങ്ങനെ രൂപപ്പെടുത്തുകയില്ല.

ഒരു ദാസന്റെ ചിത്രീകരണത്താൽ, തന്റെ അനുയായികളുടെ മാഹാത്മ്യം ക്രിസ്തു നിർവ്വചിച്ചിരിക്കുന്നു: "യേശുവോ അവരെ അടുക്കെ വിളിച്ചു ജാതികളുടെ അധിപന്മാർ അവരിൽ കർത്തൃത്വം ചെയ്യുന്നു എന്നും മഹത്തുക്കൾ അവരുടെ മേൽ അധികാരം നടത്തുന്നു എന്നും നിങ്ങൾ അറിയുന്നു. നിങ്ങളിൽ അങ്ങനെ അരുത്. നിങ്ങളിൽ മഹാനാകുവാൻ ഇഛിക്കുന്നവനെല്ലാം നിങ്ങളുടെ ദാസൻ ആകുന്നു" (മത്തായി 20:25, 26). മാഹാത്മ്യം, എന്നതു ക്രിസ്തുവിനെ സംബന്ധിച്ചു ചെയ്യുന്ന ശുശ്രൂഷയാണ്, അല്ലാതെ സമ്പാദ്യമോ സ്ഥാനമോ അല്ല.

ഒരു പാപി ക്രിസ്തുവിലേക്കു പരിവർത്തനം ചെയ്യുമ്പോൾ, അയാൾ ദൈവത്തിനും ക്രിസ്തുവിനും ദാസനായിത്തീരുന്നു എന്നാണ് പൗലൊസ് പറഞ്ഞത്. പരിവർത്തനത്തിനു മുൻപു, നാം പാപത്തിനു ദാസന്മാരായിരുന്നു, എന്നാൽ പരിവർത്തനശേഷം നാം നീതിക്കു ദാസന്മാരായിതീർന്നു (റോമർ 6:17, 18). ക്രിസ്ത്യാനികൾ താന്താങ്ങൾക്കുള്ളവരല്ല, എന്നാൽ ദൈവത്തിന്റെ വ്യക്തിപരമായ സമ്പത്തായിത്തീരുന്നു: "നിങ്ങളെ വിലയ്ക്കു വാങ്ങിയിരിക്കയാൽ: നിങ്ങൾ നിങ്ങളുടെ ശരീരം കൊണ്ടു ദൈവത്തെ മഹത്വപ്പെടുത്തുവിൻ" (1 കൊരിന്ത്യർ 6:20). നാം ജീവിച്ചാലും മരിച്ചാലും, കർത്താവിന്നുള്ളവരാണ്: "നമ്മിൽ ആരും തനിക്കായിത്തന്നേ ജീവിക്കുന്നില്ല, ആരും തനിക്കായിത്തന്നേ മരിക്കുന്നതുമില്ല; ജീവിക്കുമെങ്കിൽ നാം കർത്താവിന്നായി ജീവിക്കുന്നു, മരിക്കുന്നു എങ്കിൽ കർത്താവിന്നായി മരിക്കുന്നു; അതുകൊണ്ടു ജീവിക്കുന്നു എങ്കിലും മരിക്കുന്നു എങ്കിലും നാം കർത്താവിന്നുള്ളവർ തന്നേ" (റോമർ 14:7, 8).

ദൈവത്തിന്റേയും ക്രിസ്തുവിന്റേയും ദാസന്മാർ എന്ന ആശയം സ്വാഭാവികമായി നമ്മുടെ അന്യോന്യമുള്ള സേവനത്തിൽ കാണാം. അതനുസരിച്ചു, "ക്രിസ്തുവിന്റെ ഭയത്തിൽ അന്യോന്യം കീഴ്പ്പെട്ടിരിപ്പിൻ" എന്നു നമ്മോടു പറഞ്ഞിരിക്കുന്നു (എഫെസ്യർ 5:21), നമ്മുടെ വഴി അനുസരിച്ചല്ല, പിന്നെയോ, നമ്മുടെ സഹോദരങ്ങളുടെ ആത്മിയ ജീവിതവും ക്ഷേമവും ഗണ്യമാക്കിയാവണം. പൗലൊസ് എഴുതി, "നിന്റെ ഭക്ഷണം നിമിത്തം സഹോദരനെ വ്യസനിപ്പിച്ചാൽ നീ സ്നേഹപ്രകാരം നടക്കുന്നില്ല. ആർക്കുവേണ്ടി ക്രിസ്തു മരിച്ചുവോ അവനെ നിന്റെ ഭക്ഷണം കൊണ്ടു നശിപ്പിക്കരുത് ... അതിൽ ക്രിസ്തുവിനെ സേവിക്കുന്നവൻ ദൈവത്തെ പ്രസാദിപ്പിക്കുന്നവനും മനുഷ്യർക്കു കൊള്ളാവുന്നവനും തന്നേ" (റോമർ 14:15, 18). അതുകൊണ്ടു, ക്രിസ്തുവിന്റെ ദാസന്മാരോടു കല്പിച്ചിരിക്കുന്നു, "സഹോദരപ്രീതിയിൽ തമ്മിൽ സ്ഥായി പൂണ്ടു" "ബഹുമാനിക്കുന്നതിൽ അന്യോന്യം മുന്നിട്ടു കൊൾവിൻ" (റോമർ 12:10). നമ്മോടു പറഞ്ഞിരിക്കുന്നു, "സഹോദരന്മാരേ, നിങ്ങൾ സ്വാതന്ത്ര്യത്തിനായി വിളിക്കപ്പെട്ടിരിക്കുന്നു; ഈ സ്വാതന്ത്ര്യം ജഡത്തിനു അവസരമാക്കുക മാത്രം ചെയ്യാതെ സ്നേഹത്താൽ അന്യോന്യം സേവിപ്പിൻ" (ഗലാത്യർ 5:13).

ക്രിസ്തുവിന്റെ ദാസന്മാർ ലോകത്തിൽ അവന്റെ ആജ്ഞ നിർവ്വഹിക്കണം. അവർ തങ്ങളുടേതല്ല, മറിച്ചു ക്രിസ്തുവിന്റെ സുവിശേഷം പ്രസംഗിക്കണം; അവന്റെ ദൗത്യമാണ് അല്ലാതെ അവരുടെ ദൗത്യമല്ല അവർ നിറവേറ്റേണ്ടത്. പൗലൊസിനോടുകൂടെ നാം പറയണം, "ഞാൻ മനുഷ്യരെയോ ദൈവത്തെയോ സന്തോഷിപ്പിക്കുന്നതു? അല്ല, ഞാൻ മനുഷ്യരെ പ്രസാദിപ്പിക്കാൻ നോക്കുന്നുവോ? ഇന്നും ഞാൻ മനുഷ്യരെ പ്രസാദിപ്പിക്കുന്നു എങ്കിൽ ക്രിസ്തുവിന്റെ - ദാസൻ ആയിരിക്കയില്ല" (ഗലാത്യർ 1:10).

മഹാനായിരുന്ന അലക്സാണ്ടറുടെ സൈന്യത്തിലെ ഒരു പടയാളിയുടെ കഥ പറഞ്ഞു കേട്ടിട്ടുണ്ട്. ആ യുവ പടയാളിയുടെ

പേർ അലക്സാണ്ടർ എന്നായിരുന്നു. അലക്സാണ്ടറുടെ ശക്തമായ സൈന്യത്തിലെ ആ പടയാളി തന്റെ കൃത്യനിർവ്വഹണത്തിൽ കുറ്റക്കാരനായിത്തീർന്നു. അവന്റെ തെറ്റുകണ്ടുപിടിക്കുകയും വിധിക്കായി രാജാവിന്റെ അടുക്കൽ എത്തിക്കുകയും ചെയ്തു. അലക്സാണ്ടർ ചക്രവർത്തി അവന്റെ പേർ എന്തെന്നു ചോദിച്ചു. പടയാളി സൗമ്യമായി പറഞ്ഞു, ''അലക്സാണ്ടർ.'' വലിയ സൈന്യാധിപൻ, അവനെ തുറിച്ചുനോക്കി പറഞ്ഞു, "പടയാളിയേ, ഒന്നുകിൽ നീ നിന്റെ പേർ മാറ്റുക, അല്ലെങ്കിൽ നിന്റെ ജീവിതം മാറ്റുക!"

ദൈവത്തിന്റെ പരിശുദ്ധാത്മാവിനാൽ സഭയ്ക്കു പേർ നല്കപ്പെട്ടിരിക്കുന്നു. ചോദ്യം എന്തെന്നാൽ "സഭയ്ക്കു എങ്ങനെ ക്രിസ്തു ആഗ്രഹിച്ചതുപോലെ ലോകത്തിൽ ആകുവാൻ കഴിയും?" അതിന്റെ ഉത്തരം തിരുവെഴുത്തുകളിൽ ഉണ്ട്: "നിങ്ങളെ വിളിച്ച തനുസരിച്ചു ജീവിക്കുക! നിങ്ങളെ വിളിച്ചതുപോലെ ആകുക. ക്രിസ്തുവിന്റെ ദാസന്മാരാകുക."

വിൻസ്റ്റൺ ചർച്ചിൽ പറഞ്ഞു, ''ആരെങ്കിലും സൽഗുണം പുറപ്പെടുവിക്കുവാൻ ആഗ്രഹിക്കുന്നു എങ്കിൽ, ആ സൽഗുണം അവരോടു കാണിക്കുക." ദൈവം തന്റെ ആളുകളിൽ ദാസ്യത്വം എന്ന ഗുണം കാണിച്ചുകൊണ്ടാണ്, നമ്മെ അവന്റെ ദാസന്മാരാകുവാൻ വിളിച്ചത്.

കൃത്യമായും, നമുക്കു ദാസന്മാരാകുന്നതിനു മുൻപു, നാം ദാസന്മാർ ചിന്തിക്കുന്നതുപോലെ ചിന്തിക്കണം. നമുക്കു ദാസന്മാരായി ചിന്തിച്ചു പരിശീലിക്കാം. "ഇതിൽനിന്നു എന്തു കിട്ടും?" എന്നു നാം ചോദിക്കരുത്. പക്ഷെ "എനിക്കു എങ്ങനെ സഹോദരനെ സഹായിക്കുവാൻ കഴിയും? ക്രിസ്തുവിൽ വളരുവാനും ഏറ്റവും അധികം ശക്തിപ്രാപിക്കുവാനും എന്താണ് വിശ്വാസത്തിൽ ആവശ്യം?'' "കർത്താവേ, ഒടുവിൽ അങ്ങ് എന്താണ് എനിക്കുചെയ്തതു?" എന്നു പറയരുത്. പക്ഷേ "കർത്താവേ, ഇതാ ഞാൻ, എന്നെ അയക്കേണമേ!" എന്നാണ് പറയേണ്ടത്.

**ആഗ്രഹത്തിൽ**

നാം പേരിൽ മാത്രമല്ല, ആഗ്രഹത്തിലും ക്രിസ്തുവിന്റെ ദാസന്മാരാണ്. അവന്റെ സത്യസഭയ്ക്കു മറ്റൊരു താല്പര്യമില്ല. മറ്റു താല്പര്യങ്ങൾക്കുപരിയായി, അവന്റെ ജനങ്ങൾ അവനെ സേവിക്കണം.

ക്രിസ്തു വരുന്നതിനുമുൻപു, നമുക്കു പ്രത്യാശ ഒന്നുമില്ലാതെ നിത്യനിരാശയിലായിരുന്നു. ഒരു മനുഷ്യനും നമ്മെ സഹായിക്കുവാൻ കഴിഞ്ഞിരുന്നില്ല. മനുഷ്യൻ ഉണ്ടാക്കിയ ഒന്നിനും നമ്മെ രക്ഷിക്കുവാൻ കഴിഞ്ഞിരുന്നില്ല. പ്രപഞ്ചത്തിലെ എല്ലാ പഠിത്തത്തിനും വിദ്യാഭ്യാസകേന്ദ്രങ്ങൾക്കും നമ്മെ വീണ്ടെടുക്കുവാൻ ഒരു വഴി കണ്ടെത്തുവാൻ കഴിഞ്ഞില്ല. ദൈവിക ഇടപെടൽ എന്ന ഏക പോംവഴിയേ ഉണ്ടായിരുന്നുള്ളൂ.

പിന്നെ, ദൈവം, ദൈവത്തിന്റെ രക്ഷിതാവായി ക്രിസ്തുവിനെ

ഭൂമിയിലേക്ക് അയച്ചു. അവൻ ദൈവികത്വത്തിലെ രണ്ടാമൻ ആയിരുന്നെങ്കിലും അവൻ പൂർണ്ണ മനുഷ്യനായി. അവൻ നിത്യതയിലായിരുന്ന സ്വർഗ്ഗീയ മഹിമ അവിടെ ഉപേക്ഷിച്ചു മരണം ആസ്വദിക്കുവാൻ നമ്മിൽ ഒരാളെപോലെ ആയി (എബ്രായർ 2:9). അവൻ സ്വയമായിട്ടാണുതന്റെ മഹിമ സ്വർഗ്ഗത്തിൽ ഉപേക്ഷിച്ചു ഭൂമിയിൽ വന്നത്. അവൻ തികഞ്ഞ മനുഷ്യനായി, നാം കഷ്ടതയേല്ക്കുന്നതുപോലെ അവൻ കഷ്ടതയേല്ക്കുകയും, നാമെല്ലാം മരിക്കുന്നതുപോലെ അവൻ മരിക്കുകയും ചെയ്തു. അവൻ ഇതെല്ലാം ചെയ്തതു അവൻ നമുക്കുവേണ്ടി തികഞ്ഞ ജീവിതം നയിച്ചു പാപപരിഹാരയാഗമാകേണ്ടതിന്നായിരുന്നു. നമ്മുടെ പാപത്തിന്റെ കുറ്റം കടമായിതീർന്നതു കൊടുത്തു തീർപ്പാൻ കഴിഞ്ഞതു ദൈവപുത്രന്റെ പാപരഹിതയാഗത്തിനു മാത്രമെ കഴിഞ്ഞുള്ളൂ.

ഒരു നിമിഷം പോലും അവനു ഭൂമിയിൽ കഴിയേണ്ട ആവശ്യം ഇല്ലായിരുന്നു, എന്നാൽ അവൻ നമ്മെ സ്നേഹിച്ചതുകൊണ്ടാണ് നമ്മെ രക്ഷിപ്പാൻ വന്നതു ... ആശ്വാസരാഹിത്യമോ, വേദനയോ അവന്നു സഹിക്കേണ്ട ആവശ്യമില്ലായിരുന്നു, എന്നാൽ അസഹനീയമായ വേദന ക്രൂശിൽ അവൻ സഹിച്ചതു നമുക്കുവേണ്ടിയായിരുന്നു: അവന്റെ പിതാവും അവനെ മരിപ്പിക്കേണ്ടതില്ലായിരുന്നു; അവൻ അതു സ്വയമായി ചെയ്യുവാൻകാരണം അവൻ നമുക്കു രക്ഷ നല്കുവാൻ ആഗ്രഹിച്ചു (യോഹന്നാൻ 10:18). അവന്നു നമ്മോടുണ്ടായിരുന്ന സ്നേഹത്തിൽ മറഞ്ഞിരിക്കുന്ന പരിപാടിയോ - പ്രത്യേകമായ, വ്യക്തിപരമായ പദ്ധതിയോ ഉണ്ടായിരുന്നില്ല. അവനിൽ കാപട്യമോ, വ്യാജമായ നാട്യമോ ഇല്ലായിരുന്നു, എന്നാൽ പരിശുദ്ധവും ആത്മാർത്ഥവുമായ സ്നേഹം ആയിരുന്നു.

വാക്കുകൾ കൊണ്ടു പ്രകടിപ്പിക്കുവാൻ കഴിയുന്നതിനപ്പുറം നാം അതുകൊണ്ടു യേശുവിനോടു കടപ്പെട്ടിരിക്കുന്നു. ആദ്യമായി, നാം അവനിൽ നിന്നു *വീണ്ടെടുപ്പു* പ്രാപിച്ചു: "അവനിൽ നമുക്കു അവന്റെ രക്തത്താൽ അതിക്രമങ്ങളുടെ മോചനം എന്ന വീണ്ടെടുപ്പുണ്ട്" (എഫെസ്യർ 1:7); "... വ്യർത്ഥവും പിതൃപാരമ്പര്യവുമായുള്ള നിങ്ങളുടെ നടപ്പിൽനിന്നു നിങ്ങളെ വീണ്ടെടുത്തിരിക്കുന്നതു പൊന്നു, വെള്ളി മുതലായ അഴിഞ്ഞു പോകുന്ന വസ്തുക്കളെക്കൊണ്ടല്ല, ക്രിസ്തു എന്ന നിർദോഷവും നിഷ്ക്കളങ്കവുമായ രക്തം കൊണ്ടത്രെ" (1 പത്രൊസ് 1:18, 19).

രണ്ടാമതു, നമുക്കു അവനിൽ നിന്നു ഒരു *വസ്തു ദാനം* ലഭിച്ചിരിക്കുന്നു. നമ്മിലുള്ള താലന്തുകളും അവകാശങ്ങളും അവനിൽ നിന്നു ലഭിച്ച വിലയേറിയ ദാനങ്ങളാണ്. "... ലഭിച്ചതു അല്ലാതെ നിനക്കു എന്തുള്ളു? ലഭിച്ചതെങ്കിലോ, ലഭിച്ചതല്ല എന്ന വിധത്തിൽ പ്രശംസിക്കുന്നതു എന്ത്?" (1 കൊരിന്ത്യർ 4:7).

മൂന്നാമതു, അവൻ നമുക്ക് ഒരു *വ്യക്തിത്വം* നല്കി. അവന്റെ രക്തത്താൽ വീണ്ടെടുത്തു തന്റെ കൃപയാൽ ദാനങ്ങൾ തന്നു, അവന്റെ കാര്യവിചാരകന്മാരാക്കിയിരിക്കുന്നു. നാം മുഴുവനും അവനുള്ളവരാണ്. നമുക്കു നമ്മുടേതെന്നു അവകാശപ്പെടുവാൻ ഒന്നുമില്ല.

നമ്മുടെ തലയിലെ മുടി മുതൽ കാലിലെ വിരൽവരെ നാം അവന്റെ സ്വത്താണ്. അവനെ സേവിക്കുക എന്നതാണ് നമ്മുടെ ഏക ആഗ്രഹം. അവൻ നമുക്കുവേണ്ടി ചെയ്തതെല്ലാം നോക്കുമ്പോൾ നമുക്കുവേറെ വിധത്തിൽ ആകുവാൻ കഴിയുകയില്ല.

അമേരിക്കയിലെ യുദ്ധത്തിനു തൊട്ടുമുൻപു ലേലത്തിൽ പിടിച്ച ഒരു അടിമപ്പെൺകുട്ടിയുടെ കഥ കേട്ടിട്ടുണ്ട്. അവൾ തന്റെ മധുര പതിനേഴിലായിരുന്നു. മറ്റൊരു സാഹചര്യത്തിൽ ആയിരുന്നുവെങ്കിൽ, ജീവിക്കുവാൻ ഉത്സാഹവും, ഭാവിയെക്കുറിച്ചുള്ള ലക്ഷ്യത്തോടെ നല്ല ജീവിതയാത്രയിലേക്കു പ്രവേശിക്കുമായിരുന്നു. എങ്ങനെയായാലും, അവൾ ഒരടിമയായിപോയി, അവളുടെ ആത്മാവിന്റെ ആഗ്രഹം മങ്ങിയ പ്രതിഫലനമായിരുന്നു അവളുടെ കണ്ണുകളിലുണ്ടായിരുന്നത്. അവളുടെ ഉടമസ്ഥാവകാശത്തിനായി ലേലത്തിൽ പങ്കെടുക്കുവാൻ വന്നിരിക്കുന്ന ആൾക്കൂട്ടത്തിലേക്കു അവൾ നോക്കി, വിറയലോടെ മാത്രമേ അവൾക്കു തന്റെ ഭാവിയെക്കുറിച്ചു ചിന്തിപ്പാൻ കഴിഞ്ഞുള്ളൂ. പെട്ടെന്നു അവളെ ലേലം ചെയ്യുവാനുള്ള ശബ്ദ കോലാഹലം ഉയർന്നു. അവളുടെ വില കയറിക്കയറി വന്നു. അവസാനം, ലേലം നിന്നു. അന്തരീക്ഷം ശാന്തമാകുകയും അസ്ഥി - തണുക്കുന്ന അവസാന നിമിഷം, “വിറ്റു!” എന്നുകേട്ടു. നോക്കിക്കൊണ്ടിരുന്ന ആ സ്ത്രീ ഒരു ഞെട്ടലോടെ, ആരായിരിക്കും തന്നെ അവകാശമാക്കിയതു എന്നറിയുവാൻ മുൻവശത്തേക്കു നോക്കി. ഒരു മദ്ധ്യ - വയസ്ക്കൻ ജനക്കൂട്ടത്തിൽനിന്നു മുൻപിലേക്കു ചെന്നു. അയാൾ ഒരു വശത്തുകൂടെ ചെന്നു താൻ വിളിച്ച പണം കൊടുത്തു. പിന്നെ അയാൾ ആ സ്ത്രീയുടെ അടുത്തുചെന്നു, അവളുടെ കൈപിടിച്ചു ജനക്കൂട്ടത്തിൽ നിന്നു പുറത്തുകടന്നു. അവളോടു ഒന്നും പറയാതെ ഒരു പേപ്പർ എടുത്ത് അതിൽ എഴുതി, “ഇന്നേ ദിവസം, ഞാൻ നിന്നെ വിലെക്കുവാങ്ങി, ഞാൻ നിനക്കു സ്വാതന്ത്ര്യം തരുന്നു.” ആ പേപ്പറിന്റെ അടിയിൽ അയാൾ പേരെഴുതി ഒപ്പിട്ടു. ആ യുവതിയുടെ കയ്യിൽ കൊടുത്തു. നിയന്ത്രിക്കാനാവാത്ത വികാരത്താൽ ആ പേപ്പർ കയ്യിൽ പിടിച്ചപ്പോൾ അവളുടെ ശരീരം വിറയ്ക്കുവാൻ തുടങ്ങി. അവൾ ആ പേപ്പർ നെഞ്ചോടുചേർത്തുപിടിച്ചു ഇതു യാഥാർത്ഥ്യമാണോ, അതോ സ്വപ്നമാണോ എന്നു ചിന്തിക്കുവാൻ തുടങ്ങി. പിന്നെ സംഭവിച്ചതെല്ലാം തിരിച്ചറിഞ്ഞു കഴിഞ്ഞപ്പോൾ, അവൾ അയാളുടെ കാൽക്കൽവീണു പറഞ്ഞു, ‘‘യജമാനനേ, എന്നേക്കും ഞാൻ അങ്ങയുടെ ദാസി ആയിരിക്കും - സന്തോഷത്തോടെ, സ്വമനസ്സാലെ, സ്വതന്ത്രമായി.”

അവളുടെ ചിത്രം തന്നെയാണ് സഭയുടെ ചിത്രം - നാം പാപത്തിന്റെ ദാസന്മാരായി, പിശാചിന്റെ അടിമകളായി മോശമായ ജീവിതം നയിക്കുവാൻ പിശാചിന്റെ നിയന്ത്രണത്തിലും ഇഛയിലുമായിരുന്നു, എന്നാൽ യേശു തന്റെ രക്തം കൊടുത്തു നമ്മെ വിലെയ്ക്കുവാങ്ങി സ്വതന്ത്രരാക്കി. ഇപ്പോൾ നാം അവന്നു വേണ്ടിയാണ് ജീവിക്കുന്നത്. നാം അവനോടുള്ള ഭക്തിയാൽ അവന്റെ കാല്ക്കൽ വീണു ഉതിർന്നുപോകാത്ത സ്നേഹത്താൽ അവനെ സേവിക്കുകയാണ് കാരണം അവൻ നമുക്കുവേണ്ടി ചെയ്തതിന്റെ

കൃതാർത്ഥതയാണ്.

ഏതെങ്കിലും ക്രിസ്ത്യാനി ക്രിസ്തുവിന്റെ ദാസനായി സേവിക്കുന്നില്ലെങ്കിൽ, അയാൾ ക്രിസ്തുവിനോടുള്ള കടപ്പാട് നിർവ്വഹിക്കാത്തവനാണ്. അവനെകൂടാതെ നാം ഒന്നുമല്ല. നിങ്ങളുടെ മനസ്സിൽ ഒരു പൂജ്യം വരച്ചു അതിനുള്ളിലെ വൃത്തം ഭൂമിയേക്കാൾ വലുതാക്കുവാൻ ശ്രമിക്കും. അങ്ങനെ മാത്രമെ ക്രിസ്തുവിനെ കൂടാതെയുള്ള നാം ഒരു പൂജ്യം ആണെന്നു മനസിലാകയുള്ളു! ക്രിസ്തുവിനെ കൂടാതെ നാം ഒന്നുമല്ലാത്തതിനേക്കാൾ കുറഞ്ഞവരാണ്! കർത്താവു നമുക്കു ചെയ്തതു ഓർക്കുമ്പോൾ നമ്മുടെ ദൈനംദിന സേവനത്തിൽകൂടെ നന്ദി പ്രകടിപ്പിക്കുവാൻ നാം നിർബന്ധിതരാകുന്നു.

**പ്രദർശനത്തിൽ**

മൂന്നാമതു, ക്രിസ്തുവിന്റെ സഭയായ നാം, പ്രദർശനത്തിൽ ക്രിസ്തുവിന്റെ ദാസന്മാരാണ്. നമ്മെ വിളിച്ചിരിക്കുന്ന ജീവിതവും, നമുക്കുള്ള ദൗത്യവും, പ്രസംഗിക്കേണ്ട സന്ദേശവും ദാസ്യത്വത്തെ പ്രതിഫലിപ്പിക്കുന്നു.

ക്രിസ്തീയ ജീവിതത്തിൽ എപ്പോഴും ഉള്ളതു ദാസ്യവൃത്തിയാണ്. അതു വാസ്തവമാണ്, കാരണം ക്രിസ്തീയ ജീവിതം “ക്രിസ്തു - നമ്മിൽ - വസിക്കുന്ന” ജീവിതമാണ്, ലോകം കണ്ടിട്ടുള്ളതിൽ വെച്ചു ഏറ്റവും വലിയ ദാസൻ ക്രിസ്തു ആയിരുന്നു. പൗലൊസ് എഴുതി, “ഞാൻ ക്രിസ്തുവിനോടുകൂടെ ക്രൂശിക്കപ്പെട്ടിരിക്കുന്നു; ഇനി ജീവിക്കുന്നതു ഞാനല്ല, ക്രിസ്തുവത്രേ എന്നിൽ ജീവിക്കുന്നു; ഇപ്പോൾ ഞാൻ ജഡത്തിൽ ജീവിക്കുന്നതോ, എന്നെ സ്നേഹിച്ചു എനിക്കുവേണ്ടി തന്നെത്താൻ ഏല്പിച്ചുകൊടുത്ത ദൈവപുത്രങ്കലുള്ള വിശ്വാസത്താലത്രേ ജീവിക്കുന്നത്” (ഗലാത്യർ 2:20). അങ്ങനെയായതുകൊണ്ടു പൗലൊസ് ദാസനായി ജീവിച്ചതിൽ അതിശയിക്കാനില്ല: അവൻ സ്വാർത്ഥതയില്ലാതെ, ത്യാഗപൂർവ്വം, നിസ്വാർത്ഥമായി സ്വയം - സേവ ചെയ്തു ജീവിച്ചു. അവൻ നമുക്കു എഴുതി, “ക്രിസ്തുയേശുവിലുള്ള ഭാവം തന്നെ നിങ്ങളിലും ഉണ്ടായിരിക്കട്ടെ” (ഫിലിപ്പിയർ 2:5). ഈ പ്രബോധനം അനുസരിച്ചു നാം ക്രിസ്തുവിന്റെ ഭാവം ഉള്ളവരായി ജീവിച്ചാൽ, നാം മറ്റുള്ളവരെ കുറിച്ചു ചിന്തിച്ചു നാം അവർക്കുവേണ്ടി ജീവിക്കും:

> … അവൻ ദൈവരൂപത്തിൽ ഇരിക്കെ ദൈവത്തോടുള്ള സമത്വം മുറുകെ പിടിച്ചു കൊള്ളേണം എന്നു വിചാരിക്കാതെ ദാസരൂപം എടുത്തു മനുഷ്യ സാദൃശ്യത്തിലായി തന്നെത്താൻ ഒഴിച്ചു. വേഷത്തിൽ മനുഷ്യനായി വിളങ്ങി തന്നെത്താൻ താഴ്ത്തി മരണത്തോളം ക്രൂശിലെ മരണത്തോളം തന്നേ അനുസരണമുള്ളവനായിത്തീർന്നു (ഫിലിപ്പിയർ 2:6-8).

സ്വയം - ശൂന്യമാക്കിയ മനസായിരുന്നു ക്രിസ്തുവിന്റേത്. അവൻ

തന്റെ സ്വർഗ്ഗീയ മഹിമയെമാറ്റി വെച്ചു മനുഷ്യരുടെ ദാസനായി, തന്റെ സ്വന്ത സൃഷ്ടിക്കുവേണ്ടി അവരുടെ രക്ഷക്കായി ക്രൂശിൽ തന്നെത്താൻ കീഴ്പ്പെടുത്തി. നാം ക്രിസ്തുവിന്റെ മനസ്സുള്ളവർ ആണെങ്കിൽ, നാം മനുഷ്യരെ സേവിക്കുക എന്നതല്ലാതെ മറ്റൊരു പങ്ക് വഹിക്കുകയില്ല.

ക്രിസ്തു തന്റെ ജനത്തിനു നല്കിയ ദൗത്യം ദാസ്യത്വം കൂടാതെ പ്രായോഗികമാക്കുവാൻ സാധ്യമല്ല. തന്റെ പരിമിതമായ ആജ്ഞയോടെ ശിഷ്യന്മാരെ അയച്ചപ്പോൾ യേശു അവരോടു പറഞ്ഞു, "സൗജന്യമായി നിങ്ങൾക്കു ലഭിച്ചു, സൗജന്യമായി കൊടുപ്പിൻ" (മത്തായി 10:8). പിന്നീട് ലോകമെങ്ങും എത്തിക്കേണ്ട അവസാന ആജ്ഞ കൊടുത്തപ്പോൾ ദാസ്യത്വം കല്പിക്കയുണ്ടായി: "നിങ്ങൾ ലോകമെങ്ങും പോയി സകല സൃഷ്ടികളോടും സുവിശേഷം പ്രസംഗിപ്പിൻ" (മർക്കൊസ് 16:15). അവന്റെ ആജ്ഞ നിർവഹിക്കുവാൻ, നമ്മിൽ പലരും ആളുകളെയും, പ്രിയപ്പെട്ട സമ്പാദ്യത്തെയും ആചാരങ്ങളെയും വിട്ടുപോകാൻ തയ്യാറാകണം; ശേഷിച്ചവർ ഇങ്ങനെ പോകുന്നവരുടെ ആവശ്യങ്ങൾ നിറവേറ്റുവാൻ ത്യാഗം സഹിച്ചു മറ്റുള്ളവർക്കുവേണ്ടി സാമ്പത്തിക സഹായം നല്കണം. പോകുന്നവരും അയക്കുന്നവരെ സഹായിക്കുന്നവരും ദാസന്മാരുടെ പങ്കാണ് വഹിക്കുന്നത്. മിഷണറിവേലയ്ക്കു പോകുന്നവർ ആരും പണക്കാരാകുവാൻ പോകയില്ല; പണക്കാരനാകുവാൻ ആരും സാമ്പത്തിക സഹായവും ചെയ്യുകയില്ല. രണ്ടു കൂട്ടരും ക്രിസ്തുവിന്റെ ദാസന്മാരായതുകൊണ്ടാണ് അങ്ങനെ ചെയ്യുന്നത്.

നാം പ്രസംഗിക്കുന്ന സന്ദേശം നമ്മുടേതല്ല. നാം ലേഖനം ഒന്നും എഴുതിയിട്ടില്ല; നാം ക്രിസ്തുവിനാൽ എഴുതപ്പെട്ട ലേഖനം പരസ്യമായി അവതരിപ്പിക്കുക മാത്രമാണ് ചെയ്യുന്നത്. അവൻ അയച്ച സന്ദേശം വികൃതമാക്കാതെ, മറച്ചുവയ്ക്കാതെ നാം നോക്കണം. അതു തിരുത്തി എഴുതുവാൻ കർത്താവു നമ്മോടു കല്പിച്ചിട്ടില്ല. ആ സന്ദേശം ഇല്ലാതെ ലോകം നഷ്ടപ്പെട്ടുകൊണ്ടിരിക്കയാണ് എന്നു നമുക്ക് അറിയാം. അതുകൊണ്ടു ഭയവും മനസ്സലിവും നിമിത്തം ആ സന്ദേശം നാം എല്ലാ വിധത്തിലും മനസ്സിലാക്കുവാൻ അറിയിക്കും - അച്ചടിച്ച പേജിലൂടെ, റേഡിയോവിലൂടെയും ടി.വിയിലൂടെയും, പ്രസംഗ പീഠത്തിലൂടെയും, വ്യക്തിപരമായും, നാം അറിയിച്ചുകൊണ്ടിരിക്കണം. അതിന്റെ പ്രസംഗത്തിനു, നമ്മുടെ താലന്തുകൾ, നമ്മുടെ പണം, നമ്മുടെ മനസ്സും, കൈകളും, കാലുകളും - അതെ നമ്മുടെ ഹൃദയം പോലും ഉപയോഗിക്കണം.

മറ്റു രാജാക്കന്മാരിൽ നിന്നു വ്യത്യസ്തനാണ് നമ്മുടെ രാജാവ്! അവൻ രാജാധിരാജാവും, സൃഷ്ടികർത്താവും, പ്രപഞ്ചത്തെ നിർത്തുന്നവനും ആണെങ്കിലും, അവൻ നമ്മുടെ ഇടയിൽ ഒരു ദാസനായിട്ടാണ് ജീവിച്ചത്. ഈ സത്യം അവസാന അത്താഴ സമയത്തു യേശു തന്റെ ശിഷ്യന്മാരുടെ കാലുകൾ കഴുകിയ സംഭവത്തിൽ വെളിപ്പെട്ടു (യോഹന്നാൻ 13:1-16). ഒരു ഭൗമിക രാജാവു നമുക്കിടയിലേക്ക് വരുമ്പോൾ, ആളുകൾ അവന്റെ മുൻപിൽ ചെന്നു

അവനെ നമസ്ക്കരിക്കുകയും, അവനെ തൊടുവാൻ അടുക്കുകയും ചെയ്യും. പോപ് ആളുകൾക്കിടയിലേക്കു ചെല്ലുമ്പോൾ, ആളുകൾ അദ്ദേഹത്തിന്റെ മുമ്പിൽ താണു വണങ്ങുകയും കയ്യിൽ മുത്തുവാനും ചെല്ലുന്നു. എങ്ങനെയായാലും, ക്രിസ്തു, തന്റെ മരണത്തിനു മുൻപു ശിഷ്യന്മാരോടുകൂടെയായിരുന്നു, അവൻ ഒരു പാത്രം വെള്ളം നിറച്ചു ശിഷ്യന്മാരുടെ കാലുകൾ കഴുകി.

താൻ എന്തിനാണ് അതു ചെയ്തതു? അവൻ ചെയ്യേണ്ടതു ണ്ടായതുകൊണ്ടല്ല, പിന്നെയോ മറ്റാരും ഇല്ലാതിരുന്നതുകൊണ്ടാണ്. ശിഷ്യന്മാർക്കു മനസ്സിലാകുവാൻ ഒരു ചിത്രീകരണം വേണം എന്നുള്ളതുകൊണ്ടല്ല അവൻ അതു ചെയ്തത്. മറിച്ചു താൻ ആരാണെന്നുള്ളതുകൊണ്ട് - അവൻ ദൈവപുത്രനും മനുഷ്യരുടെ ദാസനും ആയതുകൊണ്ടാണ്. അവൻ ദാസനായി വന്നു, ദാസനായി ജീവിച്ചു, ദാസനായി മരിച്ചു. നടക്കുന്നതുപോലെയും ഭജിക്കുന്നതു പോലെയും, സ്വാഭാവികമായിരുന്നു അവന്റെ സേവനം. നാം ആരായിരിക്കുന്നു എന്നതുകൊണ്ടു, അതേ രീതിയിലുള്ള ജീവിതം നയിക്കുവാൻ അവൻ നമ്മെ വിളിക്കുന്നു:

> “നിങ്ങൾ എന്നെ ഗുരുവെന്നും കർത്താവെന്നും വിളിക്കുന്നു; ഞാൻ അങ്ങനെ ആകകൊണ്ടു നിങ്ങൾ പറയുന്നതു ശരി. കർത്താവും ഗുരുവുമായ ഞാൻ നിങ്ങളുടെ കാൽ കഴുകി എങ്കിൽ, നിങ്ങളും തമ്മിൽ തമ്മിൽ കാൽ കഴുകേണ്ടതാകുന്നു. ഞാൻ നിങ്ങൾക്കു ചെയ്തതുപോലെ നിങ്ങളും ചെയ്യേണ്ടതിന്നു ഞാൻ നിങ്ങൾക്കു ദൃഷ്ടാന്തം തന്നിരിക്കുന്നു. ആമേൻ ആമേൻ ഞാൻ നിങ്ങളോടു പറയുന്നു, ദാസൻ യജമാനനേക്കാൾ വലിയവൻ അല്ല; ദൂതൻ തന്നെ അയച്ചവനേക്കാൾ വലിയവനുമല്ല” (യോഹന്നാൻ 13:13-16).

യേശു നടന്നതുപോലെ നാം നടക്കേണ്ടതാകുന്നു. ദാസ്യത്വം ക്രിസ്തീയ ജീവിതത്തിൽ അലിഞ്ഞു ചേരണം. ദൗത്യവും സന്ദേശവും മറ്റുള്ളവരെ സേവിക്കാതെ ആത്മാർത്ഥമായി നമുക്കു നയിക്കുവാൻ സാധ്യമല്ല.

എങ്ങനെ ഒരു ദാസന്റെ ജീവിതം നയിക്കാൻ കഴിയും എന്നു നിങ്ങൾ സംശയിക്കുകയാണെങ്കിൽ, ക്രിസ്തു നിങ്ങളോടു ആവശ്യപ്പെട്ടതു മാത്രം ചെയ്യുക. എന്നാൽ ഒരു ദാസൻ ആകാതെ അവന്റെ ഇഷ്ടം ചെയ്യുവാൻ നിങ്ങൾക്കു സാധ്യമല്ല എന്നു നിങ്ങൾ കണ്ടെത്തും. നിങ്ങൾ ദാസനായി തീർന്നില്ലെങ്കിൽ നിങ്ങൾക്കു യേശുക്രിസ്തു പറഞ്ഞതുപോലെ സുവിശേഷം മറ്റുള്ളവരോടു അറിയിക്കുവാൻ സാധ്യമല്ല; ദാസനാകാതെ നിങ്ങൾക്കു ദരിദ്രരെ ഓർക്കാൻ കഴിയുകയില്ല; ഒരു ദാസന്റെ ഹൃദയം ഇല്ലാതെ നിങ്ങൾക്കു അവൻ തന്ന ദൗത്യം നിർവ്വഹിപ്പാൻ സാധ്യമല്ല.

**ഉപസംഹാരം**

സഭ ക്രിസ്തുവിന്റെ ദാസന്മാരാൽ നിബിഡമാണെന്നു പുതിയ

നിയമം വ്യക്തമാക്കുന്നു. പേരിലും, ആഗ്രഹത്തിലും പ്രദർശനത്തിലും നാം ദാസന്മാരാകുന്നു. നാം ക്രൂശിന്റെ കാൽക്കീഴിലാകുന്നു. ഒരു ദാസനും മറ്റൊരു ദാസനുമീതെയല്ല, ഒരു ദാസനും മറ്റൊരു ദാസനേക്കാൾ താഴെയുമല്ല. നമ്മൾ എല്ലാവരും ദാസന്മാർ മാത്രമാണ്.

ഒരു തവണ കപ്പലിൽ കടൽ കടന്നു യാത്ര ചെയ്ത സംഭവം ക്ലോവസ് ചാപ്പെൽ പറയുകയുണ്ടായി. അതു അദ്ദേഹത്തിന്റെ ആദ്യയാത്രയായിരുന്നു, വളരെ പ്രയാസപ്പെടുകയും ചെയ്തിരുന്നു. അദ്ദേഹത്തിനു കടലിൽ വെച്ചുണ്ടാകുന്ന രോഗം പിടിപെട്ടു എഴുന്നേറ്റു നില്ക്കുവാൻപോലും കഴിയാതെ വന്നു. അദ്ദേഹം ഉറങ്ങികിടന്നതു മുകളിലത്തെ ബെർത്തിലായിരുന്നു, അതു അസഹ്യമായിത്തീർന്നു. മരിക്കുമെന്നു വിചാരിച്ചതായി അദ്ദേഹം പറഞ്ഞു. അദ്ദേഹത്തിന്റെ ബെർത്തിന്റെ താഴെയുള്ള ബെർത്തിൽ കിടന്ന ആളെ ഒരു പരിചയവുമില്ലായിരുന്നു, എങ്കിലും ആ രോഗിയെ കണ്ടു മനസലിഞ്ഞു, ബെർത്ത് മാറി താഴെ കിടക്കുവാൻ ചാപ്പെലിനെ അയാൾ സഹായിച്ചു. പിന്നെ അയാൾ, ഒരു രോഗിയെ ഒരു നഴ്സ് ശുശ്രൂഷിക്കുന്നതുപോലെ ശുശ്രൂഷിക്കുവാൻ തുടങ്ങി. അതു ചാപ്പെൽ ആവശ്യപ്പെടാതെയാണ്, അയാൾ ചാപ്പെലിന്റെ ആവശ്യങ്ങൾ ഓരോന്നും കണ്ടറിഞ്ഞു ചെയ്തു. ആ വ്യക്തിയുടെ ജീവിതം തന്നെ സേവനമായിരുന്നതു കൊണ്ട് ചാപ്പെൽ അയാളെ വർഷങ്ങളോളം ഓർമ്മിച്ചിരുന്നു എന്നാണ് പറഞ്ഞത്. ഒരു ദാസൻ വിചാരിക്കുന്നതുപോലെയാണ് അയാൾ വിചാരിച്ചത്, അതുകൊണ്ട്, വീട്ടിലായാലും വിദേശത്തായാലും, അയാൾ ദാസനായി ജീവിച്ചു.

ക്രിസ്തുവിന്റെ അനുയായികൾ ദാസന്മാരായികാണപ്പെട്ടതു, സാധാരണ തലമുടി ചീകുന്നതുപോലെയും, നടക്കുന്നതുപോലെയും, വെള്ളം കുടിക്കുന്നതുപോലെയും, ഭക്ഷണം കഴിക്കുന്നതുപോലെയും സ്വാഭാവികമായിട്ടായിരുന്നു. നമ്മുടെ ജീവിതം പരിവർത്തനം ചെയ്തതു സ്വയം – കേന്ദ്രീകൃതത്തിൽ നിന്നു പുത്രൻ – കേന്ദ്രീകൃത ജീവിതത്തിലേക്കാണ്, അതിന്റെ അർത്ഥം ഒന്നുമാത്രമാണ് – ദാസ്യത്വം.

പാപികളെ രക്ഷയിലേക്കും ദാസ്യത്തിലേക്കുമാണ് യേശു ക്ഷണിച്ചതെല്ലാം. അവൻ നമ്മോടു പറയുന്നു, "വരിക" (മത്തായി 11:28, 29), "പോകുക" (മത്തായി 28:19, 20). തന്റെ അടുക്കൽ വരുന്ന ആരെയും അവൻ സ്വീകരിക്കും, എന്നാൽ അവൻ ആരെയും വന്നതുപോലെ അയക്കുകയില്ല. പാപികളായിരുന്ന നമ്മെ അവൻ സ്വീകരിക്കുന്നു, എന്നാൽ നമ്മെ മനുഷ്യരുടെ ദാസന്മാരായി നമ്മെ മാറ്റി അയക്കുന്നു. അതുകൊണ്ട്, അവന്റെ സത്യസഭയെ, അവൻ ദാസന്മാരുടെ ദാസനെ കൊണ്ടുനിറയ്ക്കുന്നു.

നിങ്ങൾ ക്രിസ്തുവിന്റെ ദാസൻ ആണോ?

## ചർച്ചയ്ക്കും പഠനത്തിനും ഉള്ള ചോദ്യങ്ങൾ

1. "ദാസൻ" എന്നതു ചുരുക്കമായി നിർവ്വചിക്കുക.
2. "നാം സ്വതന്ത്രരാകുന്നു എങ്കിലും ക്രിസ്തുവിന്റെ ദാസന്മാർ" എന്ന പ്രസ്താവന വിവരിക്കുക.
3. മത്തായി 20:25, 26 പ്രകാരം ദാസ്യത്വം എങ്ങനെ മാഹാത്മ്യത്തിലേക്കു നയിക്കുന്നു എന്നു വിശദമാക്കുക.
4. "നീതിയുടെ ദാസന്മാർ" എന്നാൽ എന്താണർത്ഥം?
5. നാം എന്തിനു ക്രിസ്തുവിന്നുള്ളവരായി?
6. ക്രിസ്തുവിന്റെ ഭയത്തിൽ അന്യോന്യം "കീഴ്പ്പെട്ടിരിപ്പിൻ" എന്നാൽ അർത്ഥം എന്ത്?
7. ആഹാരം നിമിത്തം ഒരാൾ തന്റെ സഹോദരനെ നശിപ്പിക്കുന്നതെങ്ങനെ?
8. "സഹോദരപ്രീതിയിൽ ഉറ്റിരിപ്പിൻ" എന്നാൽ എന്താണർത്ഥം?
9. സഭ ക്രിസ്തുവിന്റെ ദാസന്മാരായിരിക്കുവാൻ ആഗ്രഹിക്കേണ്ടതു എന്തുകൊണ്ട്?
10. ഏതെല്ലാം മൂന്നു വിധത്തിലാണ് നാം ക്രിസ്തുവിനോടു കടപ്പെട്ടിരിക്കുന്നത്?
11. ക്രിസ്തീയ ജീവിതം "ക്രിസ്തു - നമ്മിൽ-ഉള്ള" ജീവിതമാണ് എന്നു വിവരിക്കുക.
12. മനസ്സു സ്വയം - ശൂന്യമാക്കുക എന്നാലെന്ത്?
13. ദാസ്യത്വം കൂടാതെ ക്രിസ്തു നമുക്കു തന്ന ദൗത്യം നിർവ്വഹിക്കുവാൻ കഴിയുമോ?
14. യേശു ശിഷ്യന്മാരുടെ കാലുകൾ കഴുകിയപ്പോൾ പഠിപ്പിക്കുവാൻ ആഗ്രഹിച്ചതെന്ത്?
15. "ക്രൂശിന്റെ കാൽകീഴിലെ തറ നിരപ്പാണ്" എന്ന പദപ്രയോഗത്തിന്റെ അർത്ഥം എന്ത്?

© 2009 Truth for Today